ഭ്യാസ യോഗ്യത, പ്രൊമോഷൻ സാദ്ധ്യതകൾ മുതലായവ കൂടി കണക്കിലെടുത്താണ് കമ്മീഷൻ ശമ്പളം പുനർനിർണ്ണയം ചെയ്തത്. ഈ വിധം തസ്തികകളെ വിലയിരുത്തി ശമ്പളം പുനർനിർണ്ണയം ചെയ്യുമ്പോൾ മുമ്പു ഒരേ സ്കെയിലിലിരുന്ന ചില തസ്തികകൾ വ്യത്യസ്ത സ്കെയിലുകളിൽ ആയിത്തീരുക സ്വാഭാവികമാണ്. അവയെ വീണ്ടും ഒരേ സ്കെയിലിൽ കൊണ്ടുവരിക സാദ്ധ്യമല്ല.

പ്രൈവറ്റ് കോളേജ് മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ പുനഃക്രമീകരണം

* 174. [631] ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും ആഭ്യന്തരവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈവറ്റ് കോളേജ് മിനിസ്റ്റീരിയൽ സ്റ്റാഫ് പുനഃക്രമീകരിക്കുവാനുള്ള സാഹചര്യമെന്താണ്;

(ബി) മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ ആവശ്യമായ കൂടിയാലോചനകൾ നടത്തുമോ?

വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ):

(എ) 3-3-69-ൽ അവർ സമർപ്പിച്ച മെമ്മോറാണ്ടം പരിശോധിച്ചശേഷം 9-2-1970-ൽ പുറപ്പെടുവിച്ച ഗവൺമെന്റുത്തരവ് അപര്യാപ്തമാണെന്ന് അഭിപ്രായപ്പെട്ടുകൊണ്ടാണ് പുനഃക്രമീകരണം ആവശ്യപ്പെട്ടത്.

(ബി) കൂടിയാലോചനകളുടെ ഫലമായി സമരം പിൻവലിക്കപ്പെട്ടു.

പൊതുക്കടം

* 175. [636] ശ്രീ. പി. എൻ. ചന്ദ്രസേനൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ:

കേരള സംസ്ഥാനത്തിന് മൊത്തത്തിൽ എത്ര കോടി രൂപയുടെ പൊതുക്കടം ഉണ്ട്?

ധനകാര്യമന്ത്രി (ശ്രീ. എൻ. കെ. ശേഷൻ):

കേരള സംസ്ഥാനത്തിന് 31-3-1970-ൽ മൊത്തം 270.78 കോടി രൂപയുടെ കടം ഉണ്ടായിരിക്കുമെന്ന് കണക്കാക്കിയിരിക്കുന്നു.

(31-3-1970 ലെ പുതുക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് ഈ ഉത്തരം നൽകിയിട്ടുള്ളത്.)

ഡി. ഈ. ഓ മാർ

* 176. [639] ശ്രീ. കെ. കെ. കുമാരപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹെഡ്മാസ്റ്റർമാരെ ഡി. ഈ. ഓ മാരായി പ്രൊമോട്ടു ചെയ്യുന്നതിന് മുമ്പ് ഡി. ഈ. ഓ. മാരുടെ പി. എ. ആയി സേവനം അനുഷ്ഠിക്കണം എന്ന കോത്താരി കമ്മീഷൻ ശുപാർശ ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനു വിപരീതമായി ഈ സ്കൂൾ വർഷത്തിൽ ആരെയെങ്കിലും ഡി. ഈ. ഓ. ആയി പ്രമോട്ടുചെയ്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തുകൊണ്ട്?

LIBRARY ARCHIVES Kerala Legislative Assembly